# അപ 1:15 – 26
# മർക്കോ 16:14 – 20 (16:9 – 20)

മെയ് 17 : ഉയിർപ്പ് ഏഴാം ഞായർ

## ഭാഷ്യം

## അപ 1:15 – 26

### I. സന്ദർഭം

യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസ് സ്കറിയാത്തയ്ക്ക് പകരം അപ്പസ്തോല സംഘത്തിലേക്ക് മത്തിയാസ് തെരഞ്ഞെടുക്കപ്പെടുന്ന സംഭവമാണ് ഈ വായനയിലുള്ളത്. ഈ തെരഞ്ഞെടുപ്പ് സഭ മുഴുവൻ കൂടി നടത്തിയ ഒരു സംഭവമാണ്. പ്രാർത്ഥനാപൂർവ്വം നടത്തിയ ഈ തെരഞ്ഞെടുപ്പിൽ സഭാസമൂഹത്തിൽ പത്രോസിനുണ്ടായിരുന്ന നേതൃസ്ഥാനം വ്യക്തമാണ്. അതേ സമയം പത്രോസ് തന്റെ നേതൃത്വം പ്രയോഗത്തിൽ വരുത്തുന്നത് സഭയുടെ അറിവോടെയും പൊതുവായ അഭിപ്രായ ഐക്യം ഉറപ്പുവരുത്തിയുമാണ്. സഭയിലെ അധികാരശുശ്രൂഷ എങ്ങനെയുള്ളതായിരിക്കണമെന്നും ഈ വചനഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു.

### II. പ്രമേയം

1. യൂദാസിന്റെ ദാരുണമായ അന്ത്യം അയാളുടെ ദുഷ്കർമ്മത്തിന്റെ ഫലമാണ്.

2. അപ്പസ്തോല സംഘത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി യേശുവിന്റെ ഉത്ഥാനത്തിന്റെ സാക്ഷിയായിരിക്കണം.

3. യേശുവിന്റെ പരസ്യജീവിതകാലത്ത് അവിടുത്തെ ശ്രവിച്ച വ്യക്തിയായിരിക്കണം അയാൾ. യേശുവിനെ അനുഭവിച്ചറിഞ്ഞ വ്യക്തിയായിരിക്കണം അപ്പസ്തോലൻ.

4. ജനം നിർദ്ദേശിച്ച രണ്ടു പേരിൽ ഒരാളെയാണ് പ്രാർത്ഥനയുടെ പശ്ചാ

ത്തലത്തിൽ അപ്പസ്തോലന്മാർ തെരഞ്ഞെടുത്തത്. സഭയുടെ ജീവിതത്തിലെ ഈ സുപ്രധാന സംഭവത്തിൽ സഭാസമൂഹത്തിന്റെ പങ്കാളിത്തമുണ്ടായിരുന്നു.

## III. സന്ദേശം

1. യൂദാസിന്റെ പ്രവൃത്തിയെക്കുറിച്ച് വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾ കാണാൻ കഴിയും. ദൈവത്തിന്റെ പദ്ധതിയിൽ യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കേണ്ടത് ആവശ്യമായിരുന്നെന്നും അതു ദൈവഹിതമായിരുന്നു എന്നും വ്യാഖ്യാനിക്കുന്നവരുണ്ട്. തിരുലിഖിതം പൂർത്തിയാകാൻ വേണ്ടി ഇതെല്ലാം സംഭവിച്ചു എന്ന വചനം (അപ്പ 1:17) ഈ ആശയത്തെ പിന്താങ്ങുന്നു. എന്നാൽ ഇത് ദൈവത്തിന്റെ തിരുഹിതമായിരുന്നെങ്കിൽ യൂദാ വെറും ഉപകരണം മാത്രമായിരുന്നു എന്നു വേണം കരുതാൻ. തന്നെയുമല്ല വ്യക്തിപരമായ ഉത്തരവാദിത്വം ഇക്കാര്യത്തിൽ യൂദാസിന് ഉണ്ടായിരുന്നോ എന്നും സംശയിക്കപ്പെടാം.

2. എന്നാൽ യൂദായ്ക്ക് സ്വതന്ത്രമായി ചിന്തിക്കാനും തീരുമാനിക്കാനും സാധ്യതയും സാഹചര്യവുമുണ്ടായിരുന്നെന്നും അതിനാൽ യേശുവിനെ ഒറ്റിക്കൊടുക്കുക എന്ന ക്രൂരകൃത്യം തികച്ചും ശിക്ഷാർഹമാണെന്ന് കരുതാനും ധാരാളം സൂചനകളുണ്ട്. ദ്രവ്യാഗ്രഹമായിരുന്നു യൂദാസിന്റെ അടിസ്ഥാന പാപം (യോഹ 12:6). എല്ലാ തിന്മകളുടെയും മൂലകാരണം അത്യാഗ്രഹമാണെന്ന വി.പൗലോസിന്റെ വാക്കുകൾ (1 തിമോ 6:10) ഇവിടെ പ്രസക്തമാണ്. ധനസഞ്ചി സൂക്ഷിച്ചിരുന്നത് യൂദാസ് ആയിരുന്നെന്നും അതിൽ നിന്ന് അയാൾ ഇടയ്ക്കിടെ മോഷ്ടിക്കുമായിരുന്നുവെന്നും യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതിനാൽ 30 വെള്ളിക്കാശിന് യേശുവിനെ ഒറ്റിക്കൊടുത്ത സംഭവം ദ്രവ്യാഗ്രഹം അതിന്റെ പാരമ്യതയിൽ എത്തിയതിന്റെ ഫലമായിരുന്നു എന്നു ഗ്രഹിക്കാൻ കഴിയും. തന്നെയുമല്ല, ഇങ്ങനെ ഒരു വലിയ തെറ്റുസംഭവിക്കാൻ പോകുന്നുവെന്നും യേശു സൂചന നൽകുന്നുണ്ട് (യോഹ 13:21). സത്യത്തെ സ്നേഹിച്ചിരുന്ന വ്യക്തിയായിരുന്നെങ്കിൽ യൂദാസിന് അനുതപിക്കാൻ അവസരം ഉണ്ടായിരുന്നു. യൂദാസേ, ചുംബനം കൊണ്ടാണോ മനുഷ്യപുത്രനെ നീ ഒറ്റിക്കൊടുക്കുന്നത് എന്ന ചോദ്യവും ഇതു തന്നെയാണ് തെളിയിക്കുന്നത് (മത്താ 26:50; ലൂക്കാ 22:48).

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മർക്കോ 16:14 – 20 (16:9 – 20)

## I. സന്ദർഭം

ലഭ്യമായ തെളിവുകളുടെ വെളിച്ചത്തിൽ മർക്കോസിന്റെ സുവിശേഷം 16:8 ൽ അവസാനിച്ചിരിക്കാനാണ് സാധ്യത. പിന്നീട് എഴുതി ചേർക്കപ്പെട്ടതായിരിക്കണം 16:9-20. സുവിശേഷത്തിന്റെ അവസാന ഭാഗമായ 15:42-16:8

ന്റെ പ്രമേയം ശിഷ്യത്വത്തിന്റെ അന്തിമ പരാജയമാണ്. തുടർന്ന് വരുന്ന പിൻകുറിപ്പായ 16:9–20-ൽ ക്രിസ്തു ശിഷ്യർ വിശ്വാസത്തിലൂടെ വിജയത്തിലേക്ക് വരുന്നതാണ് വിവരിക്കുന്നത്.

## II. പ്രമേയം

ശിഷ്യർ വിശ്വാസരാഹിത്യത്തിൽ നിന്നും വിശ്വാസത്തിലേക്ക് വളരുന്നതാണ് പ്രമേയം. ഉത്ഥാനശേഷമുള്ള യേശുവിന്റെ പ്രത്യക്ഷപ്പെടലുകളും (16:9,12,14) ശിഷ്യഗണത്തിനു ദൗത്യം കൊടുക്കുന്നതും (16:14–18), യേശുവിന്റെ സ്വർഗ്ഗാരോഹണവുമാണ് വിവരണങ്ങൾ (16:19–20).

## III. സന്ദേശം

1. യേശു ആദ്യം മഗ്ദലന മറിയത്തിനാണ് പ്രത്യക്ഷപ്പെടുന്നത്- ആരിൽ നിന്ന് ഏഴ് പിശാചുക്കളെ പുറത്താക്കിയോ ആ മഗ്ദലനമറിയത്തിന് (16:9). നിന്റെ ജീവിതത്തിന്റെ തകർച്ചകളല്ല പ്രധാനപ്പെട്ടത്; മറിച്ച് നിന്റെ ജീവിതത്തിലെ യേശുവിന്റെ ഇടപെടലുകളാണ്. അവന് നിന്നോടുള്ള സ്നേഹമാണ് നിന്റെ ജീവിതത്തിന്റെ മൂല്യം നിശ്ചയിക്കേണ്ടത്. അതിനാൽ നീ ഫോക്കസ് ചെയ്യേണ്ടത് യേശു നിന്റെ ജീവിതത്തിൽ ഇടപെട്ട നിമിഷങ്ങളെയാണ്. അവൻ നിന്നോട് കാണിക്കുന്ന സവിശേഷ സ്നേഹത്തെയാണ് നീ ആവർത്തിച്ച് ഓർമ്മിക്കേണ്ടത്.

2. പതിനൊന്ന് ശിഷ്യരെ കുറ്റപ്പെടുത്തുന്നത് ഒരേയൊരു കാര്യം പറഞ്ഞാണ്- അവരുടെ വിശ്വാസരാഹിത്യം (16:14). മഗ്ദലനമറിയം പറഞ്ഞിട്ട് അവർ വിശ്വസിച്ചില്ല. എമ്മാവൂസ് ശിഷ്യന്മാർ പറഞ്ഞിട്ടും അവർ വിശ്വസിച്ചില്ല. യേശു നിന്നെ കുറ്റപ്പെടുത്തുന്നതും നിന്റെ വിശ്വാസരാഹിത്യത്തെക്കുറിച്ചായിരിക്കും. മറിച്ച് അവൻ നിന്നെ പ്രശംസിക്കാൻപോകുന്നത് നിന്റെ വിശ്വാസത്തിന്റെ നിമിഷങ്ങളെ അധികരിച്ചായിരിക്കും. അതിനാൽ നിന്റെ വിശ്വാസത്തിന്റെ നിമിഷങ്ങളെ നീ ശക്തിപ്പെടുത്തുക. ക്രിസ്തുവിന്റെ വിശ്വാസം നീ ആവർത്തിച്ച് ആഴപ്പെടുത്തുക.

3. ശിഷ്യന്മാർ എല്ലായിടത്തും പോയി സുവിശേഷം പ്രസംഗിച്ചപ്പോൾ, കർത്താവ് അവരോടുകൂടെ പ്രവർത്തിച്ചു (16:20). നിന്റെ ശുശ്രൂഷകളിൽ നീ ഉറപ്പുവരുത്തേണ്ട പ്രധാനഘടകമാണിത്- കർത്താവ് നിന്നോടുകൂടെ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം. അപ്പോഴാണ് നിന്റെ പ്രവർത്തനങ്ങൾ ദൈവീകമാകുന്നത്. തമ്പുരാൻ കൂടെയുണ്ടെന്ന് വിശ്വസിക്കുക. നിന്റെ ഓരോ പ്രവർത്തനത്തെയും അവന്റെ കരങ്ങളിൽ സമർപ്പിക്കുക. പോരാ നിന്റെ ജീവിതത്തെയും പ്രവർത്തനത്തെയും അവന് പ്രവർത്തിക്കാനുള്ള മേഖലകളാക്കി മാറ്റുക. നീ യഥാർത്ഥ ക്രിസ്തുശിഷ്യനായി മാറുന്നത് അങ്ങനെയാണ്.

**ഡോ. ജെ. നാലുപറയിൽ**

# പ്രസംഗം: സ്വർഗ്ഗാരോഹണത്തിരുനാൾ

യേശുവിന്റെ ജീവിതകാലത്ത് അവിടുത്തെ പ്രവർത്തന മേഖലകൾക്ക് പരിധിയുണ്ടായിരുന്നു. പലസ്തീനായ്ക്കപ്പുറം യേശുവിന് സുവിശേഷപ്രഘോഷണം നടത്താൻ സാധിച്ചിരുന്നില്ല. പരസ്യ ജീവിതമാരംഭിച്ച് മൂന്നു വർഷങ്ങൾക്കപ്പുറം ആ ശുശ്രൂഷയ്ക്ക് ദൈർഘ്യമുണ്ടായിരുന്നില്ല. ശിഷ്യഗണത്തിന്റെ എണ്ണത്തിലും പരിധിയുണ്ടായിരുന്നു. ഈ സ്ഥലകാല സാംസ്കാരിക പരിമിതികളെ അതിലംഘിക്കുന്നതായിരുന്നു യേശുവിന്റെ സ്വർഗ്ഗാരോഹണം.

സ്വർഗ്ഗാരോഹണം ചെയ്ത യേശുവിന് സ്ഥലകാല പരിമിതികളില്ല. ആത്മാവായി മാറിയ ദൈവപുത്രൻ എല്ലാവരിലും എല്ലായിടത്തും എല്ലാത്തിലും കുടികൊള്ളുന്നു. ക്രിസ്തുവിന്റെ സുവിശേഷത്തിന് എല്ലാ സംസ്ക്കാരങ്ങളെയും അഭിമുഖീകരിക്കാൻ സാധിക്കുന്നു. ക്രിസ്തുവിന്റെ സുവിശേഷത്തിന് എല്ലാ വ്യക്തികളേയും നവീകരിക്കാനും ഉജ്ജീവിപ്പിക്കാനും സംശുദ്ധമാക്കാനും സാധിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ലോകത്തിന്റെ അതിർത്തിയോളം സുവിശേഷം പ്രസംഗിക്കുകയെന്ന സന്ദേശത്തെ നാം മനസ്സിലാക്കേണ്ടത്. ആത്മാവും ജീവനുമായ യേശുവിനെ, യേശുവാകുന്ന സുവിശേഷത്തെ പ്രഘോഷിക്കാനുള്ള ദൗത്യമാണ് ഓരോ ക്രിസ്തുശിഷ്യനുമുണ്ടാകേണ്ടത്.

അപ്പസ്തോലൻ എന്ന വാക്കിന്, ഗ്രീക്ക് ഭാഷയിൽ 'അയക്കപ്പെട്ടവൻ' (one being sent) എന്നാണ് അർത്ഥം. യേശുവിന്റെ തിരഞ്ഞെടുക്കപ്പെട്ട അപ്പസ്തോലന്മാരിൽത്തന്നെ ഒത്തിരി വ്യത്യസ്തതകളും സവിശേഷതകളുമുണ്ട്. ആദ്യത്തേത് രണ്ട് ജോഡി സഹോദരന്മാരാണ്. പിന്നീട് വരുന്നവരിൽ മത്തായി റോമക്കാരുടെ അധിനിവേശ സ്ഥലത്ത് ചുങ്കം പിരിക്കുന്നവനാണ്. എന്നാൽ ശിമയോൻ കാനാൻകാരനാണ്. കാനാൻകാരാകട്ടെ റോമക്കാർ തങ്ങളുടെ സ്ഥലത്തുനിന്ന് പുറത്തു പോകണമെന്ന് ആഗ്രഹിക്കുന്നവരും. ചുങ്കക്കാരൻ മത്തായിയും, വിപ്ലവകാരി ശിമയോനും ഒരുമിച്ച് യേശുവിന്റെ ശിഷ്യഗണത്തിൽ വരുന്നു. ഇവരുടെകൂടെ യൂദാസ് സ്കറിയോത്തയും. സ്കറിയോത്ത എന്ന വാക്കിന് അരമായി ഭാഷയിൽ 'ചതിയൻ' എന്നാണർത്ഥം. സമൂഹത്തിലെ എല്ലാ തലങ്ങളിലേയ്ക്കും എല്ലാ സംസ്ക്കാരങ്ങളിലേക്കും ജാതിയിലേക്കും എല്ലാ വിഭാഗം ജനങ്ങളിലേക്കും യേശുവിന്റെ രക്ഷാകര സന്ദേശം കടന്നു ചെല്ലുന്നതിന്റെ പ്രതീകമാണ് ഈ ശിഷ്യസമൂഹം. യേശുവിൽ ഒരു പുതിയ സമൂഹത്തിന് ഇവിടെ അടിസ്ഥാനമിടുകയാണ്. ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഇതോടെ സംസ്ഥാപിതമാകുന്നു.

യേശുവിനോട് ചേർന്ന പ്രവർത്തനവും യേശുവിനോട് ചേർന്ന വികസനവുമാണ് ഈ സമൂഹം സ്വപ്നം കാണേണ്ടത്. അപ്പോൾ സാധാരണതകൾവിട്ട് അസാധാരണതകളിലേക്ക് നാം വളരും; പുതിയ ഭാഷകൾ സംസാരിക്കും; രോഗികൾക്ക് സൗഖ്യം കൊടുക്കും. മാരകമായ ഒന്നും നമ്മെ ഏല്ക്കുകയി

ല്ല (മർക്കോ 16:17). കാരണം ദൈവമായ കർത്താവ് നമ്മുടെ വലതുകൈ പിടിച്ചിരിക്കുന്നു (ഏശ 41:13). യേശുവിന്റെ സുവിശേഷത്തിനു അതിരുകളില്ലാത്തതുപോലെ നമ്മുടെ സുവിശേഷ ദൗത്യത്തിനും അതിരുകളില്ല.

യേശുവാകുന്ന സുവിശേഷത്തിന്റെ വഴി ഇടുങ്ങിയതായതിനാൽ സുവിശേഷ പ്രഘോഷണ ദൗത്യത്തിൽ നാം ഞെരുക്കപ്പെട്ടേക്കാം. പക്ഷെ ക്രിസ്തുശിഷ്യൻ ഈ ദൗത്യം ഒരു ഭാരമാക്കരുത്; മറിച്ച്, അത് അവന്റെ ബാധ്യതയാണ്. ഇത് ഇന്നുകൊണ്ട് തീരേണ്ട ബാദ്ധ്യതയല്ല, മറിച്ച് ജീവിതാന്ത്യംവരെ തുടരേണ്ട ഒരു കടപ്പാടാണ്. വി. ജോൺ പോൾ പാപ്പ പറയുന്നത് അതാണ്, ജീവിതാന്ത്യം വരെ നീ ക്രിസ്തുവിനെ പ്രഘോഷിക്കുക (up to the evening of your life).

2014 മാർച്ച് 24 ലോകയുവജനദിനത്തിൽ സെന്റ് പീറ്റേഴ്സ് സക്വയർ നിറഞ്ഞു കവിഞ്ഞ പതിനായിരക്കണക്കിന് യുവജനങ്ങളോട് ഫ്രാൻസീസ് പാപ്പാ പറഞ്ഞു, ജീവിതത്തിലെ വെല്ലുവിളികളും പ്രതിസന്ധികളും നിങ്ങളെ നിരുത്സാഹപ്പെടുത്തരുത്. കാരണം, നിങ്ങൾ ക്രിസ്തുശിഷ്യരാണ്. വളരെയധികം സമ്പത്ത് സ്വന്തമാക്കുമ്പോൾ ഉളവാകുന്ന സന്തോഷമല്ല നമ്മുടേത്. മറിച്ച്, ഒരു വ്യക്തിയെ കണ്ടുമുട്ടിയതിന്റെ ആനന്ദമാണ്. അവൻ കൂടെയുള്ളതിനാൽ നാം ഒരിക്കലും ഒറ്റയ്ക്കല്ല എന്ന അനുഭവമാണത്. പ്രശ്നങ്ങളിലും പ്രതിസന്ധികളിലും പരാജയങ്ങളിലും യേശു കൂടെയുണ്ടെന്ന ഉറപ്പാണത്. യേശുവെന്ന വലിയ നിധി സ്വന്തമാക്കിയതിന്റെ ആനന്ദമാണ് ക്രിസ്തു ശിഷ്യന്റേത്. നേരെ മറിച്ചും, ക്രിസ്തു അവനെ സ്വന്തമാക്കിയതിന്റെ ആനന്ദവും.

പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ പത്രോസ് കൊടുത്തത് സ്വർണ്ണമോ വെള്ളിയോ അല്ല മറിച്ച് യേശുവിനെയാണ്, യേശുവിന്റെ ചൈതന്യമാണ് (അപ്പ 3:6). ഈ ചൈതന്യമാകട്ടെ ക്രിസ്തുശിഷ്യന്റെ മുഖമുദ്ര.

**ഡോ. നിക്സൺ കാട്ടാശ്ശേരി**